"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2013-14 - തിരുവമ്പാടി നിയോജക മണ്ഡലം - തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരന് അധികമായി നൽകേണ്ട 18,55,928/- കൂടി അനുവദിച്ച് ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.938/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/04/2021

---

പരാമർശം:- 1 01.01.2014 ലെ സ.ഉ.(സാധാ) നം. 2576/2014/തസ്വഭവ

2 റിട്ട് ഹർജ്ജി നമ്പർ: 2874/2019മേലുള്ള ബഹു: കേരള ഹൈക്കോടതിയുടെ വിധിന്യായം.

3 19.12.2019 ലെ സ.ഉ.(സാധാ) നം.9952/2019/ധന.

**ഉത്തരവ്**

തിരുവമ്പാടി നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ സി മൊയിൻകുട്ടി അവർകളുടെ 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "Construction of New Building for Thiruvambady Grama Panchayat" എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 115 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് ഭരണാനുമതി തുകയേക്കാൾ അധിക തുകയ്ക്ക് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടതിനാൽ 18,55,928/- രൂപയുടെ അധിക ബാധ്യത ഉണ്ടാകുകയും ടി തുക അടിയന്തരമായി അനുവദിച്ചു നൽകണമെന്ന് ബഹു: കേരള ഹൈക്കോടതി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

ഇതേ തുടർന്ന് കോഴിക്കോട് തിരുവമ്പാടി നിയോജക മണ്ഡലത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്കായി 2012 -16 നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിന്റെ കാലയളവിൽ ബാക്കിയുള്ള തുകയിൽ നിന്ന് 18.4 ലക്ഷം രൂപയും, 2019 -20 സാമ്പത്തിക വർഷത്തിൽ നിന്ന് 15928/- രൂപയും ചേർത്ത് ആകെ 18,55,928/- രൂപ അധികതുകയായി അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകുന്നതിലേക്ക് പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്കായി 2012 -16 നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിന്റെ കാലയളവിൽ ബാക്കിയുള്ള തുകയിൽ നിന്ന് 18.4 ലക്ഷം രൂപയും, 2019 -20 സാമ്പത്തിക വർഷത്തിൽ നിന്ന് 15928/- രൂപയും ചേർത്ത് ആകെ 18,55,928/- രൂപ അധിക

തുകയായി അനുവദിച്ച് ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം പരാമർശം (2) ലെ ബഹു: കേരള ഹൈക്കോടതിയുടെ വിധി നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ {(എ&ഇ/ഓഡിറ്റ്), (എൽ ബി എ & എ)} തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ